# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 4888 | 26-06-2019 ൽ മറുപടിക്ക്

## കോച്ചിംഗ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | | **ശ്രീ. കെ.ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| എ) | ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കോച്ചിംഗ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത് എന്ന സ്ഥാപനത്തിന്റെ കീഴിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ സർക്കാർ ഉദ്യോഗങ്ങൾക്ക് പ്രാപ്തരാക്കുംവിധമുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്ന് വിശദമാക്കാമോ; | എ) & ബി) | ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലുള്ള 21 പരിശീലന കേന്ദ്രങ്ങളിലും 28 ഉപകേന്ദ്രങ്ങളിലുമായി കേരള സംസ്ഥാന പി.എസ്.സി, റെയിൽവേ, ബാങ്കിംഗ്, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ലഭിക്കുന്നതിനുള്ള മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നു. പരിശീലന കേന്ദ്രങ്ങളിൽ എസ്.എസ്.എൽ.സി, ഡിഗ്രി നിലവാരത്തിലുള്ള പരീക്ഷകൾക്കായുള്ള റഗുലർ ബാച്ച്, ഹോളിഡേ ബാച്ച് എന്നിവ ക്രമീകരിച്ചിട്ടുണ്ട്. പോലീസ്, ഫോറസ്റ്റ് ഓഫീസർ, എക്സൈസ് തുടങ്ങിയ പരീക്ഷകളിൽ വിജയിച്ചവർക്ക് എറണാകുളം കേന്ദ്രമാക്കി കായിക പരിശീലനം നടത്തുന്നുണ്ട്. |
| ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന വിവിധ മത്സരപ്പരീക്ഷകൾക്ക് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കാമോ; | | |
| സി) | സ്വകാര്യമേഖലയിലെ തൊഴിലുകൾക്കുള്ള മത്സരപ്പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും കൂടി യുവാക്കളെ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | സി) | പ്രസ്തുത നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) | പരീക്ഷാപരിശീലനം നൽകുന്നതിനുള്ള കേന്ദ്രങ്ങളിൽ ഓരോ വിഷയത്തിലും പ്രാഗത്ഭ്യമുള്ള പരിശീലകരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | ഡി) | ഓരോ വിഷയത്തിലും പ്രാഗത്ഭ്യമുള്ളവരെ നിയമിക്കുന്നതിനായി ഇൻറർവ്യൂ നടത്തുകയും സംസ്ഥാനത്തൊട്ടാകെ 382 ഫാക്കൽറ്റികളെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഫാക്കൽറ്റി പാനലിൽ നിന്നാണ് പരിശീലകരെ നിയമിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**